ഉത്തരം

(എ) പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ പ്രധാന കെട്ടിട നിർമ്മാണത്തിനായി 950 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. 2004-05-ലെ ബഡ്ജറ്റിൽ 20.5 ലക്ഷം രൂപയും, 2005-06-ലെ ബഡ്ജറ്റിൽ 64.37 ലക്ഷം രൂപയും ഇതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. അഡ്മിനിസ്ട്രേഷൻ സാംഗ്ഷൻ നൽകുന്നതു സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ച് താമസിയാതെ നടപടി എടുക്കുന്നതാണ്.

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് ഐ.ഐ.ടി. ആയി ഉയർത്തുന്നതിന് നടപടി

70 [2291] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ഐ.ഐ.ടി. ആയി ഉയർത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഐ.ഐ.ടി. സ്ഥാപിക്കുന്നതു സംബന്ധിച്ച് ഇതേ വരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) നിലവിലുള്ള പ്രമുഖ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഐ.ഐ.ടി. ആയി ഉയർത്തിയാൽ മതിയെന്ന് കേന്ദ്ര ഗവൺമെന്റ് ഇടക്കാലത്ത് സ്വീകരിച്ചിരുന്ന നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിനെ ഐ.ഐ.ടി. ആയി ഉയർത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് നേരത്തെ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 2003-ൽ കേരളത്തിൽ പുതുതായി ഒരു ഐ.ഐ.ടി. തുടങ്ങണമെന്ന നിവേദനം മുൻപ്രധാനമന്ത്രിക്കും, കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിനും സമർപ്പിച്ചിരുന്നു. കൂടാതെ ഇക്കാര്യത്തിൽ വിദഗ്ധരുമായി ആലോചിച്ച് ഒരു അപ്രോച്ച് പേപ്പർ തയ്യാറാക്കുകയും കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തു. ഇപ്പോഴത്തെ കേന്ദ്ര മാനവശേഷി വികസന മന്ത്രിക്ക് മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും കത്തുകളെഴുതുകയും നേരിട്ട് കണ്ട് നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly